മാതൃഭൂമി

10 June 2026

# പുതുവൈപ്പ് ബീച്ചിൽനിന്ന് 300 കിലോ മാലിന്യം നീക്കംചെയ്ത് സി.എം.എഫ്.ആർ.ഐ.




▶ പുതുവൈപ്പ് ബീച്ചിൽനിന്ന് 300 കിലോ മാലിന്യം നീക്കംചെയ്യ്ത് സി.എം.എഫ്.ആർ.ഐ. സംഘം

**കൊച്ചി**▸ ലോക സമുദ്രദിനാചരണത്തിന്റെ ഭാഗമായി സി.എം.എഫ്.ആർ.ഐ. നടത്തിയ ശുചീകരണത്തിൽ പുതുവൈപ്പ് ബീച്ചിൽ നിന്നും നീക്കംചെയ്തത് 300 കിലോയിലേറെ മാലിന്യം.

സഞ്ചാരികളും പ്രദേശവാസികളും വൻതോതിൽ എത്തുന്ന പുതുവൈപ്പ് ബീച്ചിൽ പ്ലാസ്റ്റിക് കുപ്പികൾ, ഭക്ഷണപ്പൊതികളുടെ അവശിഷ്ടങ്ങൾ, ഉപേക്ഷിക്കപ്പെട്ട വള്ളങ്ങളുടെയും വലകളുടെയും ഭാഗങ്ങൾ തുടങ്ങിയ മാലിന്യങ്ങളാണ് അടിഞ്ഞുകൂടിയിരുന്നത്. സി.എം.എഫ്.ആർ.ഐ. സംഘം ഇവ ശേഖരിക്കുകയും തരംതിരിച്ച് മാറ്റുകയും ചെയ്തു. സി.എം.എഫ്.ആർ.ഐ.യുടെ മറൈൻ ബയോഡൈവേഴ്സിറ്റി എൻവയൺമെന്റ് ആൻഡ് മാനേജ്മെന്റ് വിഭാഗത്തിലെ ജീവനക്കാരും ഗവേഷക വിദ്യാർഥികളുമാണ് ശുചീകരണത്തിന് നേതൃത്വം നൽകിയത്. കടൽ മലിനീകരണത്തിനെതിരേ പൊതുജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുകയും ഉത്തരവാദിത്വത്തോടെയുള്ള മാലിന്യസംസ്കരണ ശീലങ്ങൾ വളർത്തുകയുമായിരുന്നു ലക്ഷ്യം. തീരദേശ പരിസ്ഥിതിക്കും കടൽജീവികൾക്കും പൊതുജനാരോഗ്യത്തിനും പ്ലാസ്റ്റിക് അടക്കമുള്ള സമുദ്ര മാലിന്യങ്ങൾ ഉയർത്തുന്ന ഭീഷണി അതീവ ഗുരുതരമാണെന്ന് വിദഗ്ധർ ചൂണ്ടിക്കാട്ടി.